**ശ്രദ്ധക്ഷണിക്കൽ**

**കള്ളുചെത്ത് തൊഴിലാളികളുടെ പുനരധിവാസം**

ശ്രീ. കെ. ദാസൻ: സർ, ദേശീയ സംസ്ഥാന പാതയോരങ്ങളിൽ നിന്ന് 500 മീറ്റർ ദൂരപരിധിയിൽ വരുന്ന 557 ബിയർ/വൈൻ പാർലറുകൾ, 1080 കള്ളുഷാപ്പുകൾ, ക്ലബ്ബിന്റെ ഭാഗമായി പ്രവർത്തിക്കുന്ന 18 ബാറുകൾ, പഞ്ചനക്ഷത്ര ഹോട്ടലുകൾ ഉൾപ്പെടെയുള്ള 11 ബാറുകൾ തുടങ്ങിയവയെല്ലാം പൂട്ടുകയോ മാറ്റി സ്ഥാപിക്കുകയോ ചെയ്യേണ്ടത് കേരളത്തിലെ വലിയൊരു പ്രശ്നമായി ഇന്ന് മാറിയിരിക്കുകയാണ്. 2200 കോടി രൂപയുടെ ധനനഷ്ടമുണ്ടാകുമെന്നാണ് ധനകാര്യ വകുപ്പുമന്ത്രി പറഞ്ഞിരിക്കുന്നത്. മാത്രമല്ല, ഇതുമൂലം സാമൂഹ്യ സുരക്ഷാപെൻഷൻ വിതരണത്തിനും വലിയ ബാദ്ധ്യതയാണുണ്ടാകുന്നത്. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് 712 ബാറുകൾ പൂട്ടേണ്ട സാഹചര്യമുണ്ടായി. എന്നാൽ ഇതുവഴി മദ്യ ഉപഭോഗത്തിൽ കാര്യമായ കുറവുണ്ടായിട്ടില്ല. ഇപ്പോൾ ബാറുകൾ പൂട്ടിയതിനുശേഷം വിനോദസഞ്ചാര മേഖലയിലെ വരുമാനത്തിൽനിന്ന് മാത്രം 3000 കോടി രൂപയുടെ കുറവുണ്ടാകുമെന്നാണ് കണക്കാക്കപ്പെടുന്നത്. വൻകിട കമ്പനികളുടെ യോഗങ്ങളും സെമിനാറുകളും ഇപ്പോൾ ഗോവ മുതലായ സ്ഥലങ്ങളിലേയ്ക്ക് മാറ്റുന്ന അവസ്ഥയാണുള്ളത്. ആഭ്യന്തര വിനോദ സഞ്ചാരികളുടെ എണ്ണം 2014-ൽ 8.2

ശതമാനത്തിൽനിന്ന് 2015-ൽ 5.9 ശതമാനമായി കുറഞ്ഞു. ഇപ്പോൾ അത് കൂടിവരികയാണ്. ബാറുകൾ പൂട്ടിയതിനുശേഷം കഞ്ചാവ്, മയക്കുമരുന്ന് എന്നിവയുമായി ബന്ധപ്പെട്ട കേസ്സുകളിൽ വൻതോതിൽ വർദ്ധനയുണ്ടായി. മുൻ സർക്കാരിന്റെ കാലത്ത് പൂട്ടിയ 712 ബാറുകളിൽ 674 എണ്ണം ബിയർ/വൈൻ പാർലറുകളാക്കി മാറ്റിയതുവഴി മദ്യവർജ്ജനമെന്ന ലക്ഷ്യം സാധിച്ചില്ല. വരുമാന നഷ്ടവും തൊഴിൽ നഷ്ടവും വിനോദസഞ്ചാര മേഖലയിലെ മാന്ദ്യവും ബാർ തൊഴിലാളികളുടെ തൊഴിൽ നഷ്ടവും സർക്കാർ കാണാതിരുന്നുകൂടാ. വ്യാജമദ്യം, സ്പിരിറ്റ് തുടങ്ങിയവ ഒഴുകുന്ന സ്ഥിതി വരാനുള്ള സാധ്യതയുണ്ട്. വ്യാജ മദ്യദുരന്തത്തിനും സാധ്യത ഏറുകയാണ്. സംസ്ഥാനത്തെ ഇന്റലിജൻസ് വകുപ്പും എക്സൈസ് വകുപ്പും ഈ മുന്നറിയിപ്പുകളാണ് ഗവൺമെന്റിന് നൽകിയിട്ടുള്ളത്. കടലിലും കരയിലും ഒരുപോലെ വ്യാജമദ്യത്തിന്റെ ഉൽപ്പാദനവും വിതരണവും നടക്കാൻ സാധ്യതയേറെയാണ്. അന്യസംസ്ഥാനങ്ങളിൽനിന്ന് യഥേഷ്ടം മദ്യം കടത്തിക്കൊണ്ടുവന്ന് വിൽപ്പന നടത്തുന്ന അധോലോക കേന്ദ്രം സംസ്ഥാനത്ത് വളർന്നുവരാൻ സാധ്യതയുണ്ട്. യുവതലമുറയെ മയക്കുമരുന്നിന് അടിമയാക്കാനുള്ള കുറ്റകൃത്യങ്ങൾ പെരുകി സാമൂഹ്യമായ അധ:പതനത്തിലേയ്ക്ക് നമ്മുടെ നാട് നീങ്ങുമെന്ന കാര്യം ഈ സന്ദർഭത്തിൽ ഓർമ്മിക്കേണ്ടതാണ്. കേരളത്തിലെ

പരമ്പരാഗത വ്യവസായങ്ങളിലൊന്നായ കള്ളുചെത്ത് വ്യവസായമാണ് ഇതിൽ ഏറ്റവും പ്രധാനപ്പെട്ടത്. ഈ വ്യവസായം വളരെയേറെ പ്രയാസകരമായ സാഹചര്യത്തെ അഭിമുഖീകരിച്ച് മുന്നോട്ടുപോകുകയാണെന്ന വസ്തുത ബഹുമാനപ്പെട്ട മന്ത്രിക്ക് നേരിട്ട് അറിവുള്ളതാണ്. ആയിരക്കണക്കിന് തൊഴിലാളികളുടെ തൊഴിലും കുടുംബ ജീവിതവും വഴിമുട്ടിനിൽക്കുന്നത് ഇന്നത്തെ സാഹചര്യത്തിൽ കള്ളുചെത്ത് വ്യവസായ സംരക്ഷണം സാമൂഹ്യ ബാധ്യതമായി മാറിയിരിക്കുന്നു. സുപ്രീംകോടതി വിധിയെത്തുടർന്ന് 1132 കള്ളുഷാപ്പുകൾ കഴിഞ്ഞ ഏപ്രിൽ ഒന്നാം തീയതി മുതൽ അടഞ്ഞുകിടക്കാൻ തുടങ്ങിയിട്ട് ഏതാണ്ട് ഒരു മാസം പൂർത്തിയാകുന്നു. അബ്കാരി ചട്ടപ്രകാരം ആരാധനാലയങ്ങൾ, പള്ളിക്കൂടങ്ങൾ, എസ്.സി./എസ്.റ്റി. കോളനികൾ, ശ്മശാനങ്ങൾ തുടങ്ങിയവയുടെ 400 മീറ്റർ അകലത്തിൽ മാത്രമേ കള്ളുഷാപ്പുകൾ പാടുള്ളുവെന്ന നിയമംമൂലം മാറ്റി സ്ഥാപിക്കാൻ കഴിയാതെ വരുന്നു. ആയതിനാൽ ദൂരപരിധിയിൽ പുന:പരിശോധന നടത്തിക്കൊണ്ട് ആവശ്യമായ ക്രമീകരണമുണ്ടാക്കണം. കള്ളുവ്യവസായത്തിന്റെ വികസനത്തിനും സംരക്ഷണത്തിനും ഈ രംഗത്തെ തൊഴിലാളി സംഘടനകൾ കാലാകാലങ്ങളായി ഉയർത്തിവരുന്ന പ്രധാന ആവശ്യങ്ങളിലൊന്നാണ് ടോഡി ബോർഡിന്റെ രൂപീകരണം. ഇക്കാര്യത്തിൽ സർക്കാർ നയമെന്താണെന്ന് പ്രഖ്യാപിക്കണം.

കള്ളുചെത്ത് വ്യവസായത്തിന്റെ വികസനത്തിനും നവീകരണത്തിനും ആവശ്യമായ പദ്ധതികൾ ആവിഷ്കരിക്കണം. കള്ള് ഉൽപ്പാദനത്തിനായി അത്യുൽപ്പാദനശേഷിയുള്ള വൃക്ഷങ്ങൾ തോട്ടമടിസ്ഥാനത്തിൽ വച്ച് പിടിപ്പിക്കുക, കായൽ പുറമ്പോക്ക്, റോഡ് പുറമ്പോക്ക്, റവന്യൂ പുറമ്പോക്ക്, മറ്റ് ലഭ്യമായ സ്ഥലങ്ങളിൽ വൃക്ഷങ്ങൾ വച്ച് പിടിപ്പിക്കുക, കള്ളുഷാപ്പുകളുടെ നടത്തിപ്പ് തൊഴിലാളി സംഘടനകളെ ഏൽപ്പിക്കുക, പ്രാദേശിക സംഘങ്ങളെ സഹായിക്കാൻ സംസ്ഥാന തലത്തിൽ അപെക്സ് സംഘം രൂപീകരിക്കുക, കള്ളുചെത്ത് വ്യവസായ തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ പ്രവർത്തനം കലോചിതമായി പരിഷ്കരിക്കുക, ക്ഷേമനിധി ബോർഡിന്റെ പ്രവർത്തനത്തിൽ ഗവൺമെന്റ് ആവശ്യമായ നടപടി സ്വീകരിക്കുക, മിനിമം പെൻഷൻ ആയിരം രൂപയായി നിജപ്പെടുത്തുക, മിനിമം കൂലി പുതുക്കി നിശ്ചയിക്കുക എന്നിങ്ങനെ ഈ രംഗത്ത് ജോലി ചെയ്യുന്ന തൊഴിലാളികളുടെ വിവിധങ്ങളായ ആവശ്യങ്ങളാണ് സർക്കാരിന്റെ ശ്രദ്ധയിൽക്കൊണ്ടുവരാൻ ഉദ്ദേശിക്കുന്നത്. സുപ്രീംകോടതി വിധിയുടെ അടിസ്ഥാനത്തിൽ പൂട്ടിയ ഷാപ്പുകൾ തുറക്കുന്നതിൽ വലിയ എതിർപ്പുകളാണ് ഓരോ പ്രദേശത്തും ഉണ്ടാകുന്നത്. ജനങ്ങൾ അതിനെ എതിർത്തുക്കൊണ്ടിരിക്കുന്നുണ്ട്. ഇതിന്റെ ഭാഗമായി തൊഴിൽ നഷ്ടപ്പെടുന്ന തൊഴിലാളികൾക്ക്, തൊഴിൽ നഷ്ടപ്പെട്ട

കാലയളവിലെ വേതനം നൽകാനാവശ്യമായ നടപടിയും ജോലി പുന:സ്ഥാപിക്കാനുള്ള അടിയന്തര നടപടിയും സർക്കാരിന്റെ ഭാഗത്തുനിന്നുണ്ടാകണം. ഇക്കാര്യത്തിൽ ഗവൺമെന്റിന്റെ ശ്രദ്ധകൊണ്ടുവരാനാണ് ഞാൻ ഈ പ്രമേയം അവതരിപ്പിച്ചത്.

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. റ്റി. പി. രാമകൃഷ്ണൻ): സർ, ബഹുമാനപ്പെട്ട അംഗം മുൻകൂട്ടി നൽകിയ നോട്ടീസിൽ കള്ള്ചെത്ത് വ്യവസായത്തിലെ പ്രശ്നങ്ങളെക്കുറിച്ചാണ് പ്രധാനമായും പരാമർശിച്ചത്. ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ 15-12-2016, 31-3-2017 തീയതികളിലെ സി.എ. നം. 12164-12166/2016 കേസ്സിലെ വിധികളുടെ അടിസ്ഥാനത്തിൽ ദേശീയ-സംസ്ഥാന പാതയോരങ്ങളിലെ 1126 കള്ളുഷാപ്പുകൾക്ക് 31-03-2017-ന് ശേഷം പ്രവർത്തിക്കാൻ കഴിയാത്ത സാഹചര്യമുണ്ടായിട്ടുണ്ട്. എന്നാൽ ഹൈക്കോടതിയുടെ വിവിധ ഉത്തരവുകളുടെയും തുടർന്നുള്ള വിശദമായ പരിശോധനകളുടെയും അടിസ്ഥാനത്തിൽ 66 കള്ളുഷാപ്പുകൾ തുറന്ന് പ്രവർത്തിക്കാൻ അനുമതി നൽകിയിട്ടുണ്ട്. സുപ്രീംകോടതി വിധിയനുസരിച്ച് പൂട്ടിയ കള്ളുഷാപ്പുകളിൽ ജോലി ചെയ്തിരുന്ന തൊഴിലാളികൾക്ക് പ്രത്യക്ഷമായി തൊഴിൽ നഷ്ടപ്പെടാൻ ഇടയുള്ളതായി കണക്കാക്കുന്നു. നിലവിൽ കള്ളുഷാപ്പുകൾ

പ്രവർത്തിച്ചിരുന്ന സ്ഥലങ്ങളിൽനിന്നും നിയമവിധേയമായ സ്ഥലങ്ങളിലേയ്ക്ക് മാറ്റി സ്ഥാപിക്കുന്നതിന് ശ്രമം നടത്തിവരികയാണ്. കള്ളുഷാപ്പുകളുടെ എല്ലുക മാറ്റുന്നതിനുള്ള അപേക്ഷകൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് നടപടി സ്വീകരിക്കുന്നുണ്ട്. നിലവിലുള്ള നിയമവ്യവസ്ഥകൾക്കുള്ളിൽ നിന്നുകൊണ്ട് തൊഴിലാളികളെ കഴിയുന്നത്ര സഹായിക്കുന്ന നിലപാടായിരിക്കും സർക്കാർ സ്വീകരിക്കുന്നത്. അവരുടെ തൊഴിൽ സംരക്ഷിക്കുന്നതിന് സാദ്ധ്യമായ എല്ലാ നടപടികളും സർക്കാർ പരിശോധിച്ച് ഉചിതമായ തീരുമാനം കൈക്കൊള്ളുന്നതാണ്. ബഹുമാനപ്പെട്ട അംഗം ശ്രദ്ധക്ഷണിക്കലിന്റെ ഭാഗമായി ചൂണ്ടിക്കാണിച്ച മറ്റ് ചില പ്രശ്നങ്ങളുണ്ട്. സംസ്ഥാനത്തിന് ലഭ്യമാകുന്ന വരുമാനം, സംസ്ഥാനം നേരിടുന്ന സാമൂഹിക പ്രശ്നങ്ങൾ, ടൂറിസം മേഖല നേരിടുന്ന പ്രശ്നങ്ങൾ, അബ്കാരി ആക്ടിൽ മാറ്റം വരുത്തേണ്ടതായ ചില പ്രശ്നങ്ങൾ, ടോഡി ബോർഡിന്റെ രൂപീകരണം, ക്ഷേമനിധി വഴിയുള്ള ആനുകൂല്യങ്ങൾ വർദ്ധിപ്പിക്കൽ തുടങ്ങിയ കാര്യങ്ങളിൽ ഗവൺമെന്റ് തൊഴിലാളികൾക്ക് അനുകൂലമായ സമീപനമാണ് സ്വീകരിക്കുന്നത്. ഈ പ്രശ്നങ്ങളെല്ലാം ഗവൺമെന്റിന്റെ പരിഗണനയിലുള്ള കാര്യങ്ങളാണ്.

ശ്രീ. കെ. ദാസൻ: സർ, അങ്ങ് പറഞ്ഞ കാര്യങ്ങളിൽ ഏറ്റവും പ്രധാനപ്പെട്ടത് ഈ കാലയളവിൽ തൊഴിൽ നഷ്ടപ്പെട്ട പതിനായിരക്കണക്കിന്

തൊഴിലാളികളുണ്ടെന്നുള്ളതാണ്. അവർക്ക് ജോലി ഇല്ലാത്ത അവസ്ഥയാണ് ഇപ്പോഴുള്ളത്. തൊഴിൽ നഷ്ടപ്പെട്ട തൊഴിലാളികൾക്ക് താൽക്കാലികമായി ചെറിയ വേതനം നൽകാനുള്ള നടപടി സർക്കാർ സ്വീകരിക്കുമോ?

<u>ശ്രീ. റ്റി. പി. രാമകൃഷ്ണൻ</u>: സർ, കള്ള്ചെത്ത് വ്യവസായത്തിലെ തൊഴിലാളികളുടെ ജോലി എങ്ങനെ സംരക്ഷിക്കാമെന്ന പ്രശ്നത്തിൽ ഗവൺമെന്റ് സജീവമായി ഇടപെട്ടുവരികയാണ്. കള്ള്ഷാപ്പ് വ്യവസായത്തിലെ ഉടമകളുടെയും സംഘടനകളുടെയും ഒരു യോഗം ഇതിനകം ചേർന്നിട്ടുണ്ട്. ഇന്ന് തൊഴിലാളി സംഘടനകളെക്കൂടി പ്രശ്നങ്ങൾ പരിശോധിക്കാൻ വിളിച്ചിട്ടുണ്ട്. തൊഴിലാളി സംഘടനകളുടെയും ഉടമകളുടെയും അഭിപ്രായം കേട്ട്, തൊഴിലാളികളുടെ ജോലി പരമാവധി സംരക്ഷിക്കാനും കള്ള്ഷാപ്പുകൾ നിയമവിധേയമായി മാറ്റി സ്ഥാപിക്കാനും ആവശ്യമായ നടപടി സ്വീകരിക്കാനാണ് ഗവൺമെന്റ് ശ്രമിക്കുന്നത്. ഈ പരിശ്രമത്തിലൂടെ കഴിയുന്നത്ര വേഗത്തിൽ പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്താനാകുമെന്നാണ് ഗവൺമെന്റ് പ്രതീക്ഷിക്കുന്നത്.

### (2) <u>പൂട്ടിയ മദ്യശാലകൾ തുറക്കാനുള്ള ശ്രമം</u>

<u>ശ്രീ. എം. വിൻസെന്റ്</u>: സർ, ബഹുമാനപ്പെട്ട സുപ്രീംകോടതി വിധിയുടെ അടിസ്ഥാനത്തിൽ സ്റ്റേറ്റ് ഹൈവേയുടെയും നാഷണൽ ഹൈവേയുടെയും

വശങ്ങളിലുള്ള മദ്യശാലകൾ അടച്ചുപൂട്ടണമെന്ന് ഉത്തരവിടുകയുണ്ടായി. അതിന്റെ പശ്ചാത്തലത്തിൽ കഴക്കൂട്ടം-തമ്പാനൂർ-കളിയിക്കാവിള പാതയുടെ വശങ്ങളിൽ ഉണ്ടായിരുന്ന മദ്യശാലകൾ അടച്ചുപൂട്ടി. പിന്നീട് ബഹുമാനപ്പെട്ട ഹൈക്കോടതി പ്രസ്തുതപാത സംസ്ഥാന പാതയല്ലെന്ന് കണ്ടെത്തിയത് എങ്ങനെയാണെന്ന് മനസ്സിലാകുന്നില്ല. ബാറുടമകൾ കോടതിയിൽ ഇത്തരത്തിലൊരു കേസ് ഫയൽ ചെയ്തപ്പോൾ, സംസ്ഥാന പാതയോ ദേശീയ പാതയോ അല്ലെന്ന നിരീക്ഷണത്തിലേയ്ക്ക് ബഹുമാനപ്പെട്ട ഹൈക്കോടതി എത്തുന്നത് ഗവൺമെന്റും പൊതുമരാമത്ത് ചീഫ് എഞ്ചിനീയറും ആ നിലയ്ക്കുള്ള ഡിക്ലറേഷൻ ഹൈക്കോടതിയിൽ നൽകിയതുകൊണ്ടുമാത്രമാണ്. പുരാതനവും ചരിത്രം ഉറങ്ങുന്നതുമായ പാതയാണിത്. പത്മനാഭപുരം ആയിരുന്നു തിരുവിതാംകൂറിന്റെ തലസ്ഥാനം. അത് അനന്തപുരിയിലേക്ക് മാറ്റുമ്പോഴാണ് ഈ പാത ആദ്യമായി നിർമ്മിക്കുന്നത്. പിന്നീട് 1938-ൽ സർ സി.പി.-യുടെ കാലത്താണ് ഈ പാത 54 കിലോമീറ്ററുള്ള സിമന്റ് പാതയായി നിർമ്മിച്ചത്. അന്ന് ഇന്ത്യയിലെ ഏറ്റവും വലിയ സിമന്റ് പാതയായിരുന്നു അത്. തലസ്ഥാന നഗരിയെയും തമിഴ്നാടിനെയും ബന്ധപ്പെടുത്തുന്ന ഈ റോഡ് സംസ്ഥാന പാത പോലുമല്ലാതായി മാറിയത് അതിശയിപ്പിക്കുന്നതാണെന്ന് ഈ അവസരത്തിൽ പറയാൻ ആഗ്രഹിക്കുകയാണ്.

തലസ്ഥാന നഗരിയെ ബന്ധപ്പെടുത്തുന്നവെന്ന് മാത്രമല്ല, ഭരണ സിരാകേന്ദ്രമായ സെക്രട്ടേറിയറ്റിന്റെ മുന്നിലൂടെ പോകുന്ന പാത എങ്ങനെയാണ് ജില്ലാ പാതയായി തരംതാഴ്ത്തപ്പെട്ടത്. ബഹുമാനപ്പെട്ട എക്സൈസ് വകുപ്പുമന്ത്രിയുടെ പ്രതികരണം ഒരു ചാനലിൽ കാണാനിടയായി. സർക്കാർ ഒരു ഉത്തരവും ഇറക്കിയിട്ടില്ലെന്നാണ് അദ്ദേഹം പറഞ്ഞത്. സർക്കാർ അങ്ങനെയൊരു തീരുമാനം എടുത്തിട്ടില്ലെങ്കിൽ ഹൈക്കോടതിക്ക് എങ്ങനെയാണ് ഇത്തരത്തിലൊരു നിരീക്ഷണത്തിൽ എത്താൻ സാധിക്കുന്നത്? ഒരു സംസ്ഥാനത്തുകൂടി പോകുന്ന ദേശീയ പാതയുമായി ബന്ധപ്പെടുത്തുന്നതോ, മറ്റൊരു സംസ്ഥാനത്തെ ദേശീയ പാതയുമായി ബന്ധപ്പെടുത്തുന്നതോ ആയ റോഡാണെങ്കിൽ അത് ഒരു സ്റ്റേറ്റ് ഹൈവേയായി കണക്കാക്കുമെന്നാണ് 1999-ലെ ഹൈവേ പ്രൊട്ടക്ഷൻ ആക്ട് പറയുന്നത്. എന്നിട്ടും ഈ റോഡ് എങ്ങനെയാണ് ജില്ലാ പാതയായി മാറിയത്? പതിനായിരക്കണക്കിന് വാഹനങ്ങൾ കടന്നുപോകുന്ന പ്രമുഖമായ റോഡ് ജില്ലാ പാതയായി കോടതിയുടെ മുമ്പിൽ അവതരിപ്പിച്ച സംസ്ഥാന സർക്കാരിന്റെ തെറ്റായ നടപടി തിരുത്തുകയും പഴയതുപോലെ സ്റ്റേറ്റ് ഹൈവേയുടെ സ്റ്റാറ്റസിൽ ഇതിനെ നിലനിർത്തുകയും വേണം. ജില്ലാ പാതയായി മാറ്റുമ്പോൾ റോഡിന്റെ എല്ലാതരത്തിലുള്ള വികസനവും തടസ്സപ്പെടുകയാണ്. സ്റ്റേറ്റ്-നാഷണൽ ഹൈവേകൾ 40mm കനത്തിലാണ് ടാർ

ചെയ്യുന്നത്. ജില്ലാ റോഡാക്കുന്നതോടുകൂടി 20mm കനത്തിലേയ്ക്ക് തരംതാഴകയാണ്. സുപ്രധാനമായതും കേരളത്തിന്റെ തലസ്ഥാന നഗരിയിലൂടെ കടന്നുപോകുന്നതും ഭരണസിരാകേന്ദ്രമായ സെക്രട്ടേറിയറ്റിന് മുന്നിലൂടെ കടന്നുപോകുന്നതുമായ ഈ റോഡ് തരംതാഴ്ത്തിയത് ഏതാനും ബാറുടമകളുടെ ഹർജിക്ക് അനുകൂല വിധിയുണ്ടാകുന്നതിനുവേണ്ടിയാണ്. അതുകൊണ്ട് ഈ റോഡ് സ്റ്റേറ്റ് പാതയായി നിലനിർത്താനുള്ള നടപടി സർക്കാർ സ്വീകരിക്കണം.

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): സർ, നാഷണൽ ഹൈവേ സ്ഥലം മാറി വേറൊരു ഭാഗത്തുകൂടി പോകുമ്പോൾ നേരെത്തെയുണ്ടായിരുന്ന സ്ഥലം എങ്ങനെയാകുമെന്ന് തീരുമാനിക്കുന്നത് നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യയാണ്. അതുസംബന്ധിച്ചുള്ള നോട്ടിഫിക്കേഷൻ ഇറങ്ങിയത് 1977 നവംബർ 30-ാം തീയതിയാണ്. ബഹുമാനപ്പെട്ട മെമ്പർ ഉന്നയിച്ച ഈ സ്ഥലത്തിന്റെ നോട്ടിഫിക്കേഷൻ മിനിസ്ട്രി ഓഫ് റോഡ് ട്രാൻസ്പോർട്ട് ആന്റ് ഹൈവേ ഇറക്കിയത് 2015 ആഗസ്റ്റ് 25, കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്താണ്. അതുവരെ ഈ പാത നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യയുടെ കയ്യിൽ തന്നെയായിരുന്നു. ആ നോട്ടിഫിക്കേഷൻ ഇങ്ങനെയാണ് - 'Central Government hereby entrust the stretch of National

Highways as specified in column 3 …. Section of National Highways NH-47 - Thiruvananthatpuram-Kerala-Tamilnadu border section kilometre from 0-43km;' പി.ഡബ്ല്യൂ.ഡി.യെയല്ല, സ്റ്റേറ്റ് ഗവൺമെന്റിനെയാണ് ചുമതലപ്പെടുത്തിയത്. അതിനുശേഷം കഴിഞ്ഞ ഗവൺമെന്റ് ഒന്നും ചെയ്തില്ല. പി.ഡബ്ല്യൂ.ഡി.-യ്ക്കോ ലോക്കൽ ബോഡീസിന് വിട്ടുകൊടുക്കുകയോ ചെയ്യാം. അതൊന്നും കഴിഞ്ഞ ഗവൺമെന്റ് ചെയ്തില്ല. കുറ്റപ്പെടുത്തുന്നതല്ല. ഈ ഗവൺമെന്റും ഒന്നും ചെയ്തിട്ടില്ല. ഈ റോഡ് സെൻട്രൽ ഗവൺമെന്റിന്റേതല്ലാതായെങ്കിലും സംസ്ഥാന ഗവൺമെന്റിന്റെ കസ്റ്റഡിയിലിരിക്കുകയാണ്. അതിപ്പോൾ സ്റ്റേറ്റ് ഹൈവേയുമല്ല, ഡിസ്ട്രിക്ട് റോഡുമല്ല, അതാണ് സ്ഥിതി. എന്തുവേണമെന്ന് ആലോചിക്കാം. അങ്ങ് ആരോപിച്ചതുപോലെ സുപ്രീംകോടതി വിധിയുടെ അടിസ്ഥാനത്തിലുണ്ടായ കാര്യമൊന്നുമല്ല ഇത്. എന്റെ വകുപ്പിൽനിന്ന് ഞാൻ ഉത്തരവാദപ്പെടുത്തിയ ആരും ഒരു അഫിഡവിറ്റും കൊടുത്തിട്ടില്ല. ഞാൻ പരിശോധിച്ചു. ഇതുസംബന്ധിച്ച് ചീഫ് എഞ്ചിനീയർ (റോഡ്സ് ആന്റ് ബ്രിഡ്ജസ്), ചീഫ് എഞ്ചിനീയർ (ഹൈവേ) എന്നിവരോട് അന്വേഷിച്ചു. അവരാരും അഫിഡവിറ്റ് കൊടുത്തിട്ടില്ല. സംസ്ഥാന ഗവൺമെന്റ് പി.ഡബ്ല്യൂ.ഡി.-യെ ഏൽപ്പിച്ചിട്ടില്ല. ഇപ്പോൾ നടക്കുന്ന മദ്യനിരോധനം ഇല്ലെങ്കിലും എല്ലാം

നിരോധിക്കണം എന്നമട്ടിൽ നടക്കുന്ന ചില പ്രക്ഷോഭണങ്ങൾ, കമ്മിറ്റി എന്നിവ ഉണ്ട്. ഞാനവരെ കുറ്റപ്പെടുത്തുകയല്ല. അതൊന്നുമായി ഇക്കാര്യത്തിന് യാതൊരു ബന്ധവുമില്ല. അതുകൊണ്ടാണ് കോടതി വിധിയുണ്ടായത്. സംസ്ഥാന ഗവൺമെന്റ് പ്രോത്സാഹിപ്പിച്ചതു കൊണ്ടൊന്നുമല്ല. അങ്ങ് ഒരുകാര്യം മനസ്സിലാക്കണം, ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ ഒരു യോഗം ചേർന്നു. എക്സൈസ് മിനിസ്റ്റർ അവധിയിലായിരുന്നപ്പോൾ ചാർജ് എനിക്കായതിനാൽ ഞാനും ആ മീറ്റിംഗിൽ പങ്കെടുത്തിരുന്നു. ആഭ്യന്തര വകുപ്പുസെക്രട്ടറി, നിയമ വകുപ്പുസെക്രട്ടറി, പൊതുമരാമത്ത് വകുപ്പുസെക്രട്ടറി, നികുതി വകുപ്പുസെക്രട്ടറി, കമ്മീഷണർ, ബിവറേജസ് കോർപ്പറേഷന്റെ എം.ഡി. എന്നിവർ ആ മീറ്റിംഗിൽ പങ്കെടുത്തിരുന്നു. ഞങ്ങൾ തീരുമാനിച്ചത് ഒരു സ്റ്റേറ്റ് ഹൈവേയും ഒരു നാഷണൽ ഹൈവേയും കേരളത്തിൽ ഡീനോട്ടിഫൈ ചെയ്യേണ്ടതില്ല എന്നാണ്. അതാരും പറയുന്നില്ലല്ലോ; അതല്ലേ പ്രധാനം. അങ്ങനെ തീരുമാനിച്ച ധൈര്യമുള്ള ഒരു ഗവൺമെന്റാണിത്. കർണ്ണാടക, മുംബൈ, ബംഗാൾ, ബി.ജെ.പി. ഗവണ്മെന്റുകളെല്ലാം ഡീനോട്ടിഫൈ ചെയ്തു. ലോക പ്രശസ്തമായ മുംബൈയിലെ റോഡുമുഴുവൻ നാടൻ റോഡാക്കി എന്ന വിവരം പത്രത്തിൽ വായിച്ചില്ലേ; ഞങ്ങളത് ചെയ്തില്ല. പിന്നെ ഞങ്ങളുടെ നേരെ എന്തിന് ഇതൊക്കെ പറയുന്നു? ഞാനാണെങ്കിൽ മദ്യപിക്കില്ല, മുഖ്യമന്ത്രി,

എക്സൈസ് വകുപ്പുമന്ത്രി ഉൾപ്പെടെ ഞങ്ങളാരും മദ്യപിക്കാറില്ല. നിങ്ങളും മദ്യപിക്കുന്നുണ്ടാകില്ല. ഞങ്ങളൊന്നും ഇതിന്റെ ആൾക്കാരല്ല. എന്തിനാണ് കള്ളുഷാപ്പിലേയ്ക്ക് പോകുന്നത്? ആരെങ്കിലും പറഞ്ഞോ; പോകേണ്ടതില്ല. മദ്യപിക്കുന്നതിനെതിരായി ഗവൺമെന്റിന്റെ ബേസിക് പ്രോഗ്രാം വരുന്നുണ്ട്. നമ്മളാരും പരസ്പരം തർക്കിക്കേണ്ട കാര്യമില്ല. നമ്മളൊന്നും ഡീനോട്ടിഫൈ ചെയ്യുന്നില്ല. ഇത് ഡീനോട്ടിഫൈ ചെയ്യണ്ട, കാരണം ഗവൺമെന്റിനെ എൻട്രസ്റ്റ് ചെയ്ത് ഗവൺമെന്റ് ആരെയും ഏൽപ്പിച്ചിട്ടില്ല. പി.ഡബ്ല്യു.ഡി.-യെ ഏൽപ്പിക്കട്ടെ, അപ്പോൾ നമുക്ക് ആലോചിക്കാം. അത്രയേയുള്ളൂ. ഇതാണ് അതിന്റെ മറുപടി. എന്റെ ഭാഗത്തുനിന്നും കൂടുതൽ സംസാരിക്കേണ്ടതായിട്ടില്ല. അങ്ങ് ഉന്നയിച്ചത് കേട്ടുകേഴ്വിയാണ്. ഒരു കാര്യം ഞാൻ പറയുകയാണ്. നമ്മുടെ നാട്ടിൽ മദ്യപിക്കാനുള്ള ടെൻഡൻസിയുള്ള അഞ്ചോ പത്തോ ശതമാനം ആളുകളുണ്ടാകും. അതുകൊണ്ട് വിഷമില്ലാത്ത നല്ല സാധനം കൊടുക്കുന്നില്ലെങ്കിൽ... സുപ്രീംകോടതി തന്നെ പറഞ്ഞു 'മലയുടെ മുകളിലാണെങ്കിലും പോയി കുടിക്കുമെന്ന്'. ഞാൻ ചിന്നക്കടയിൽ പറഞ്ഞത് 'കക്കൂസിലായാലും നക്കികുടിക്കും' എന്നാണ്. അതാണ് ആളുകളുടെ സ്വഭാവം. നാഷണൽ ഹൈവേയിൽ ആളുകൾ ക്യൂ നിൽക്കുകയല്ലേ; ഈ ലോകത്തെവിടെയെങ്കിലുമുണ്ടോ ഇത്? അതാണ് ഒരു വിഭാഗം ആളുകൾ ചെയ്യുന്നത്.

നിങ്ങൾ കൊടുത്തില്ലെങ്കിൽ വിഷമദ്യം കഴിച്ച് മരിക്കും. അപ്പോൾ ഭരണഘടനാപരമായി ഏത് ഗവൺമെന്റായാലും നിർവ്വഹിക്കേണ്ട കാര്യം മാത്രമേ നിർവ്വഹിക്കുന്നുള്ളൂ. ഈ കാര്യത്തിൽ ഗവൺമെന്റ് റോഡിനെ സംബന്ധിച്ച് പി.ഡബ്ല്യു.ഡി. എൻട്രസ്റ്റ് ചെയ്യുന്ന മുറയ്ക്ക് ന്യായമായി തീരുമാനിക്കാം. നമ്മളാരും ഒന്നും ചെയ്തിട്ടില്ല. അതേ എനിക്ക് പറയാനുള്ളൂ.

ശ്രീ. എം. വിൻസെന്റ്: സർ, ഈ ശ്രദ്ധക്ഷണിക്കലിലൂടെ ഞാൻ ഉന്നയിച്ച വിഷയം കള്ളുസിലാണോ കൊട്ടാരത്തിലാണോ പോയി മദ്യപിക്കേണ്ടത് എന്നതല്ല. ഇതിലെ പ്രധാനപ്പെട്ട വിഷയം നിരവധി കോടതിവിധികൾ ഇവിടെ വന്നുകൊണ്ടിരിക്കുകയാണ്. ഞങ്ങളെ ആരും ഏൽപ്പിച്ചിട്ടില്ല എന്നുപറഞ്ഞുകൊണ്ട് സർക്കാർ കയ്യും കെട്ടി ഇരിക്കുന്നത് ശരിയാണോ; ഇവിടെ ഏറ്റവും സുപ്രധാനമായ ഒരു പാത, ജില്ലാ പാതയോ സ്റ്റേറ്റ് പാതയോ ആണെന്ന് അറിയില്ല എന്നുപറഞ്ഞുകൊണ്ടുള്ള ഒരു നിലപാട് സർക്കാർ ഇവിടെ സ്വീകരിച്ചതുകൊണ്ടാണ് മദ്യശാലകൾക്ക് അനുയോജ്യമായിട്ടുള്ള വിധി കോടതിയിൽനിന്ന് ഉണ്ടായത്. ഇങ്ങനെയുള്ള വിധി തിരുത്താൻ തയ്യാറാകുമോ; ഏറ്റവും സുപ്രധാനമായ, തലസ്ഥാന നഗരിയുമായി ബന്ധപ്പെട്ട ഒരു റോഡിനെ, അതിപുരാതനമായ, മറ്റൊരു സംസ്ഥാനവുമായി ബന്ധപ്പെടുന്ന ഒരു റോഡിന് സ്റ്റേറ്റ് സ്റ്റാറ്റസുപോലുമില്ലായെന്ന

ഒരു നിരീക്ഷണത്തിലേയ്ക്ക് കോടതി എത്തുമ്പോൾ ആ നിരീക്ഷണം തിരുത്തിക്കാൻ സർക്കാർ എന്തെങ്കിലും നടപടി സ്വീകരിക്കുമോ? ഇവിടെ ഉന്നയിച്ചത് ഈ റോഡിന്റെ സ്റ്റാറ്റസ് നിലനിർത്തണമെന്നുള്ളതാണ്. അല്ലാതെ മദ്യശാലകൾ അടച്ചുപൂട്ടുകയും തുറക്കുകയും ചെയ്യുന്നത് ഗവൺമെന്റ് തീരുമാനിക്കേണ്ട കാര്യമാണ്. ഞാൻ പറയുന്നത് ഇതിന്റെ സ്റ്റാറ്റസ് നിലനിർത്തണമെന്നാണ്. ഇത്രയും സുപ്രധാനമായ ഒരു റോഡ് ഇങ്ങനെയൊരു ജില്ലാപാതയായി തരംതാഴ്ത്തുന്ന ഒരു സാഹചര്യത്തിൽ ഈ റോഡിന്റെ വികസനത്തെയും അത് ബാധിക്കും. രണ്ട് സംസ്ഥാനങ്ങൾ തമ്മിൽ ബന്ധിപ്പിക്കുന്ന ഒരു റോഡിന്റെ വികസനത്തെത്തന്നെ തടസ്സപ്പെടുത്തുന്ന സുപ്രധാനമായ വിഷയമാണ് ഞാനുന്നയിച്ചത്. മദ്യപിക്കുന്ന ആളുകളോ, ശുദ്ധ മദ്യം കൊടുക്കണോ എന്നതൊക്കെ മറ്റൊരു വിഷയമാണ്. ഇതിനെ സംബന്ധിച്ച വിധികൾക്കെതിരായി സർക്കാർ കോടതിയിൽ പോകുമോ; ഇത് സർക്കാരിനെ ഏൽപ്പിച്ചിട്ടില്ലെന്ന് അങ്ങ് പറയുന്നു. ഒരു വർഷമായി, ഈ റോഡ് സംസ്ഥാനത്തെ ഏൽപ്പിക്കുന്നത് സംബന്ധിച്ച് അങ്ങ് എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ട് എന്നുപറയണം.

<u>ശ്രീ. ജി. സുധാകരൻ</u>: സർ, ഇതിപ്പോൾ എത്ര ചോദ്യമാണ് ചോദിച്ചത്. ഒരു ചോദ്യമല്ലേ ചോദിക്കാൻ പറ്റുകയുള്ളൂ. എല്ലാം ഒന്നുതന്നെയാണ്. ഒരു തീരുമാനവും

സർക്കാരെടുത്തിട്ടില്ല. ഞങ്ങളല്ല, 2015-ൽ അങ്ങയുടെ ഗവൺമെന്റിന്റെ കാലത്താണ് വന്നതെന്ന് ഞാൻ വായിച്ചത് കേട്ടില്ലേ; നിങ്ങൾ നടപടി എടുത്തോ? കുറ്റപ്പെടുത്തുകയല്ലല്ലോ; അങ്ങനെയൊക്കെ സംഭവിക്കും. ഇതാർക്കും വിട്ടുകൊടുത്തിട്ടില്ല. ഗവൺമെന്റ് വിട്ടുകൊടുക്കട്ടെ. പിന്നെ ഹൈക്കോടതിക്കെതിരായി അപ്പീൽ പോകുന്നതെന്തിനാണ്? ഈ ഗവൺമെന്റ് ഒരു റോഡുപോലും ഡീനോട്ടിഫൈ ചെയ്തില്ല, അത് അങ്ങെന്താണ് അപ്രീഷിയേറ്റ് ചെയ്യാത്തത്? മുംബൈ, കർണ്ണാടക ഉൾപ്പെടെ മിക്ക സംസ്ഥാനങ്ങളിലും ചെയ്തതല്ലേ? ഒരു റോഡും ഡീനോട്ടിഫൈ ചെയ്യാത്ത ഞങ്ങളോട് .. അങ്ങുന്നയിച്ചതുകൊണ്ടല്ല പറയുന്നത്, ഈ റോഡ് സംസ്ഥാന ഗവൺമെന്റിന്റെ കയ്യിലിരിക്കുകയാണ്. കഴിഞ്ഞ ഗവൺമെന്റും ഇത് ശ്രദ്ധിച്ചില്ല. എനിക്ക് ഇക്കാര്യം അറിയില്ലായിരുന്നു. പി.ഡബ്ല്യു.ഡി. ആരെയും അഫിഡവിറ്റ് കൊടുക്കാൻ ചുമതലപ്പെടുത്തിയിട്ടില്ല. ആരെങ്കിലും കൊടുത്തിട്ടുണ്ടെങ്കിൽ അത് ഞങ്ങളുടെ അറിവോടുകൂടിയല്ല. ഉണ്ടെന്നതിന് അങ്ങയുടെ കയ്യിൽ തെളിവൊന്നുമില്ലല്ലോ; ഇല്ലെന്നാണ് മനസ്സിലാക്കുന്നത്. ആ ഒരു സാഹചര്യത്തിൽ ഇങ്ങനെയൊരു വിധിയുണ്ടാകാം. ഇതുപോലുള്ള എല്ലാ സ്ഥലത്തും അവർക്ക് കൊടുക്കാം. ഒന്നുകിൽ സംസ്ഥാന പാതയോ നാഷണൽ ഹൈവേയോ ആയിരിക്കണം. എം.ഡി.ആർ.

റോഡിൽ ഈ പ്രശ്നമില്ല. ഇതിപ്പോൾ എം.ഡി.ആർ. റോഡും ആയിട്ടില്ല. ഈ കാര്യത്തിൽ ഒരു കോലാഹലത്തിന്റെ ആവശ്യമില്ല. എന്താണെന്ന് ആലോചിച്ച് ചെയ്യാം.

(സബ്മിഷൻ)